**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല – കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.ടി.ഐ യ്ക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3091/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 05/12/2018

---

പരാമർശം:- 1. കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 15.11.2018 ലെ 39/1(1) നമ്പർ തീരുമാനം.

2. കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17/11/2018 ലെ SC2-1341/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.ടി.ഐ യുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഒരുക്കിയെടുക്കുന്നതിന് 7,25,000/- രൂപ വരുന്ന എസ്റ്റിമേറ്റ് കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ടെന്നും, ടി എസ്റ്റിമേറ്റ് പ്രോജക്ട് ആക്കി ഡി.പി.സി അപ്രൂവൽ വാങ്ങി നടപ്പാക്കുന്നതിന് വളരെയേറെ താമസം നേരിടുമെന്നതിനാൽ എസ്റ്റിമേറ്റിന് ടി.എസ് വാങ്ങി ടെണ്ടർ ചെയ്യുന്നതിനും, തനത് ഫണ്ടിൽ നിന്നും ടി തുക ചെലവഴിക്കുന്നതിനും പിന്നീട് പ്രോജക്റ്റിൽ ഉൾപ്പെടുത്തി സാധൂകരണം ചെയ്യുന്നതിനും അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.ടി.ഐ യ്ക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 7,25,000/- രൂപ (ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരം) ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പ്രവൃത്തി പിന്നീട് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
പ്രസിഡന്റ്/സെക്രട്ടറി, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്, കുറ്റിക്കോൽ പി.ഒ, കാസർഗോഡ് - 671541
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ